(ബി) ഇക്കാലയളവിലുണ്ടായ സംഭവങ്ങളിലെല്ലാം കൂടി 1933 ആർ.എസ്.എസ്.-ബി.ജെ.പി. പ്രവർത്തകരെ പ്രതികളാക്കി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിൽ 713 പേരെ ഇനിയും അറസ്റ്റു ചെയ്യാനുണ്ട്. 5 പ്രതികളെ ശിക്ഷിച്ചിട്ടുണ്ട്.

എം.എൽ.എ.യ്ക്ക് എതിരെയുള്ള കേസ്

230 (238) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. കുഞ്ഞമ്മത് മാസ്റ്റർ എം.എൽ.എ. എന്ന പേരിലോ കെ. കുഞ്ഞമ്മത് മാസ്റ്റർ S/o ഇബ്രായി, കുറുങ്ങോട്ട് വീട്, മേഞ്ഞാണ്യം പി.ഒ., പേരാമ്പ്ര എന്ന പേരിലോ ഏതെങ്കിലും പോലീസ് സ്റ്റേഷനിൽ എന്തെങ്കിലും കേസ് നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏത് സ്റ്റേഷനിലാണ് കേസ് നിലവിലുള്ളതെന്നും എന്തുകുറ്റത്തിന് ഏതെല്ലാം വകുപ്പ് ചേർത്താണ് കേസെടുത്തതെന്നും വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഒരു കേസ് നിലവിലുണ്ട്.

(ബി) വടകര പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 488/12 u/s 143, 147, 145, 283 r/w 149 IPC & 117(E) of KP Act ആയി ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേസ് ബഹുമാനപ്പെട്ട കോടതിയിൽ വിചാരണാവസ്ഥയിലാണ്.

ബാർ ലൈസൻസ് കോഴ

231 (239) ശ്രീ. എ. കെ. ബാലൻ :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എക്സൈസ് വകുപ്പ് മന്ത്രിക്കെതിരെ ബാർ ലൈസൻസ് കോഴയുമായി ബന്ധപ്പെട്ട് പുറത്തുവന്ന പുതിയ തെളിവുകളുടെയും വെളിപ്പെടുത്തലുകളുടെയും പരാതികളുടെയും അടിസ്ഥാനത്തിൽ ക്വിക് വെരിഫിക്കേഷൻ നടത്തി എഫ്.ഐ.ആർ. ഇടാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്താമോ ;

(ബി) ഇക്കാര്യത്തിൽ വിജിലൻസ് സ്വീകരിച്ച നടപടികൾ വെളിപ്പെടുത്താമോ ;

LIBRARY ARCHIVES Kerala Legislative Assembly